സാഹിത്യവാരഫലം

1988/04/24 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1988/04/24-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

നബീസാ ഉമ്മാൾ

വിവാഹങ്ങളിൽ പങ്കുകൊള്ളാൻ ഞാനങ്ങനെ പോകാറില്ല. ഈ ജീവിതത്തിൽ ഏറിവന്നാൽ ഒരു പത്തുവിവാഹങ്ങളിൽ ഞാൻ പങ്കെടുത്തിരിക്കും. ഒന്ന് എന്റേതുതന്നെ. അതു നടന്ന വീട്ടിന്റെ മുൻപിൽക്കൂടി ഇപ്പോൾ ചിലപ്പോഴൊക്കെ സമ്മേളനങ്ങൾക്കായി കാറിൽ പോകാറുണ്ട്. ഒരിക്കലൊരു സമ്മേളനത്തിന് അതിലേ പോയപ്പോൾ കാറിലുണ്ടായിരുന്ന മറ്റു പ്രഭാഷകരോട് 'ഇതാ ഈ വീട്ടിൽ വച്ചായിരുന്നു എന്റെ വിവാഹം' എന്നു ഞാൻ പറഞ്ഞു. അപ്പോൾ അവരിലൊരാൾ 'കാറ് നിറുത്തണോ? ഭാര്യവീട്ടിൽ കയറിയിട്ടു പോകുന്നതല്ലേ മര്യാദ?' എന്നു ചോദിച്ചു. ചോദ്യം കേട്ടു ബ്രെയ്ക്ക് ചവിട്ടിയ ഡ്രൈവറോടു 'വേണ്ട, വേണ്ട, പോകട്ടെ' എന്നായി ഞാൻ. അപ്പോൾ, നേരമ്പോക്കു പറയുന്നതിൽ വൈദഗ്ദ്ധ്യമുള്ള പ്രൊഫസർ നബീസാ ഉമ്മാൾ (അവരും മീറ്റിങ്ങിനു വരികയായിരുന്നു) പറഞ്ഞു: 'സാറ് വിവാഹത്തിനുവേണ്ടി ഒരു ദിവസം അവിടെ പോയി. പിന്നീട് പോയിട്ടേയില്ല." സത്യം കേട്ടാൽ ആരും ചിരിക്കും. ഞാൻ ഉറക്കെച്ചിരിച്ചു. കൂടെയുള്ളവരും.

രണ്ടാമതായി ഞാൻ പങ്കുകൊള്ളാൻ പോയ വിവാഹം ഡോക്ടർ അയ്യപ്പപ്പണിക്കരുടേതായിരുന്നു. ഹരിപ്പാട്ട് അമ്പലത്തിൽവച്ച് വിവാഹം. അതുകഴിഞ്ഞ് അമ്പലത്തിനടുത്തുള്ള ഒരു കെട്ടിടത്തിൽ ഞങ്ങൾ വിശ്രമിക്കുമ്പോൾ കല്യാണത്തിനെത്തിയ പി. ആർ. പരമേശ്വരപ്പണിക്കർ—അക്കാലത്തെ പ്രോവൈസ് ചാൻസലർ—വാതോരാതെ സംസാരിക്കുകയായിരുന്നു. ശരിയായി പ്രവർത്തിച്ചേക്കാവുന്ന സി. രാജഗോപാലാചാരിയെക്കാൾ തെറ്റുകൾ ചെയ്തേക്കാവുന്ന നെഹ്റുവിനെയാണ് താനിഷ്ടപ്പെടുന്നതെന്ന് പണിക്കർസ്സാർ അഭിപ്രായപ്പെട്ടു. നെഹ്റുവിനെക്കുറിച്ചുള്ള പരാമർശം (പരാമർശത്തിന് സംസ്കൃതത്തിൽ പ്രഥിതമായ അർത്ഥം ഹിംസ, ആക്രമണം ഇവയൊക്കെയാണ്. തപഃ പരാമർശ വിവദ്ധമന്യോഃ എന്നു 'കുമാരസംഭവ'-ത്തിൽ. തപസ്സിനെ ആക്രമിച്ചതുകൊണ്ടു ദേഷ്യം വർദ്ധിച്ച് യാജ്ഞസേന്യാഃ പരാമർശഃ എന്നു മഹാഭാരത) വേറൊരു വിചാരത്തിലേക്കു നയിച്ചു. അദ്ദേഹം എന്റെ നേർക്കു തിരിഞ്ഞു ചോദിച്ചു: "കൃഷ്ണൻനായർ, നെഹ്റു മഹാനാണ്. പക്ഷേ എന്റെ മേശയുടെ പൂട്ടുറക്കാൻ വയ്യാതെയായാൽ ഞാൻ കൊല്ലനെയാണ് വിളിക്കേണ്ടത്. നെഹ്റു വിചാരിച്ചാൽ പൂട്ടു ശരിയാക്കാൻ കഴിയില്ല. അതുപോലെ നിങ്ങളുടെ കൊളേജിലെ വേദാന്തം പ്രൊഫസർക്കോ തർക്കം പഠിപ്പിക്കുന്നവനോ ആ വിഷയങ്ങൾ നല്ലപോലെ അറിയാമായിരിക്കും. ലോകസംസ്കാരവുമായി അവർക്കൊരു ബന്ധവും ഇല്ല. കൊല്ലനും നെഹ്റുവും തമ്മിൽ വ്യത്യാസമുണ്ടെന്ന് നിങ്ങളറിയണം."

പണിക്കർസ്സാർ അതു പറഞ്ഞതിൽ സത്യമില്ലാതില്ല. എന്റെ മേശയുടെ പുറത്ത് 'അമരകോശം' കിടക്കുന്നു. അതിന് എല്ലാ സംസ്കൃതവാക്കുകളുമറിയാം. എനിക്ക് അതിലെ കുറച്ചുവാക്കുകളേ അറിയാൻ പാടുള്ളു. പക്ഷേ എനിക്കറിയാവുന്ന വാക്കുകൾ പ്രയോഗത്തിൽ കൊണ്ടുവന്ന് എന്റെ പ്രവൃത്തിയെ എനിക്കു സാർത്ഥകമാക്കാം. അമരകോശത്തിന് അതു സാദ്ധ്യമല്ല. ചത്തുകിടക്കാനേ അതിനറിയൂ. ഉള്ള പാണിനിസൂത്രങ്ങളൊക്കെ കാണാതെ പഠിച്ചുവച്ചുകൊണ്ടു നടക്കുന്ന സംസ്കൃതക്കാരെ എനിക്കറിയാം. നമ്മളെന്തെങ്കിലും മലയാളത്തിൽ പറഞ്ഞാൽ 'വൃദ്ധിരാദൈച്', ഗങ് കുടാദ്യോ, ഞ്ണിന്ദിത് എന്നൊക്കെ ഉദീരണം ചെയ്യും. ഈ പ്രകടനം കൊണ്ടെന്തു പ്രയോജനം?

പാണ്ഡിത്യത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം മാറേണ്ടിയിരിക്കുന്നു. നാല് അഷ്ടാധ്യായീസൂത്രങ്ങൾ ഉരുവിടുന്നവൻ നമുക്കു പണ്ഡിതനാണ്. ഒരു അഷ്ടാധ്യായീസൂത്രവും അറിഞ്ഞുകൂടെങ്കിലും വിശ്വവിജ്ഞാനമാർജ്ജിച്ചിട്ടുള്ളവർ അപണ്ഡിതനും. കൊല്ലനെക്കാൾ നെഹ്റുവാണ് കേമനെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇറോട്ടിക് മാസ്റ്റർപീസ്

കാർപ്രീറാ ഇൻഫാന്റേ

ക്യൂബൻ സാഹിത്യകാരൻ കാർപ്രീറാ ഇൻഫാന്റേയുടെ (Cabrere Infante) 'Infante's Inferno' എന്ന നോവൽ മാസ്റ്റർപീസാണ്. ഇറോട്ടിക് മാസ്റ്റർപീസ്—രതിവിഷയകമായ പ്രകൃഷ്ടകൃതി എന്നാണ നിരൂപകർ അതിനെ വിശേഷിപ്പിക്കാറ്. നോവൽ വായിച്ചുതീർക്കുന്ന ഏതൊരാളും ഇതിനോടു യോജിക്കും. രതാസക്തങ്ങളായ വർണ്ണനകളാണ് ഓരോ പുറത്തുമുള്ളത്. അവ ചിലപ്പോൾ വാച്യങ്ങൾ; മറ്റു ചിലപ്പോൾ വ്യംഗ്യങ്ങൾ. പരോക്ഷവും പ്രത്യക്ഷവുമായ രീതികളിൽ അവ അഭിരമിക്കുന്നു. ഒരു പരോക്ഷ മാർഗ്ഗം കണ്ടാലും: (തന്റെ അടുത്തിരുന്നു പാട്ടുകേൾക്കുന്ന യുവതിയുടെ കൈയിൽ മൂക്കുകണ്ണടയെടുത്ത് യുവാവ് ഉരസി. അവൾ കൈകൾ പിണച്ച് ഇരുന്നു. ഉള്ളംകൈയുടെ ദ്വാരത്തിലൂടെ അയാൾ കണ്ണടകടത്തുന്നു.) "...through this opening, intentionally now, I inserted my horny-rimmed glasses, touching the palm of her hand. She softly grabbed that arm, now something else, an amorous bond and allowed me to impose a metronomic movement, back and forth, brushing her fingers and touching the palm of her hand. I repeated, this friction with better rhythm... she turned toward me and said softly in my ear. 'Please don't continue. I'm all wet." (P. 182, Faber & Faber Book P/B)

മടക്കിവച്ച വിരലുകൾ ഉളവാക്കിയ ദ്വാരം, അതിലൂടെ മൂക്കുകണ്ണടയുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള ചലനം, 'ഞാനാകെ നനഞ്ഞു' എന്ന പ്രസ്താവം ഇവയിലൂടെ ലൈംഗികവേഴ്ചയുടെ എല്ലാ സവിശേഷതകളും ആവിഷ്കരിക്കുകയാണ് നോവലിസ്റ്റ്. ഇത്തരത്തിൽ സാഹിത്യഭംഗിയാർന്ന വിവരണങ്ങൾ നോവലിന്റെ നാന്നൂറിലധികം പുറങ്ങളിൽ ഉള്ളതുകൊണ്ടാവണം പ്രഗല്ഭ നിരൂപകർ ഇതിനെ an erotic masterpiece that is hard to put aside എന്നു വാഴ്ത്തിയത്.

കാസാനോവ

ലൈംഗിക വർണ്ണനകൾ എത്ര രസാവഹങ്ങളായാലും അവകൊണ്ടു മാത്രം നോവലിന് പ്രാധാന്യം സിദ്ധിക്കുകയില്ലല്ലോ. അങ്ങനെയാണെങ്കിൽ കാസാനോവയുടെ 'മെംവാർസി'നായിരിക്കണം നിസ്തുല സ്ഥാനം. കാർപ്രീറാ ഇൻഫാന്റേ കാസാനോവയുടെ ആരാധകനാണ്. പക്ഷേ ഈ നോവൽ ലോക മിഥോളജിയിലെ പ്രഖ്യാതമായ ഡോൺ ജുവൻ മിഥിന്റെ ഭാവനാത്മകമായ പുനരാവിഷ്കരണമാണ്. (സ്ത്രീജിതനായ ഡോൺ ജുവൻ സ്പെയിനിലെ സെവിൽ പട്ടണത്തിലെ ഒരു സൈനികോദ്യോഗസ്ഥന്റെ മകളെ വശീകരിച്ചു. അതിനുശേഷം അയാളെ വധിച്ചു. ഒരിക്കൽ ആ സൈനികോദ്യോഗസ്ഥന്റെ പ്രതിമയെ കണ്ടു ഡോൺ ജുവൻ അതിനെ പരിഹാസപൂർവ്വം വിരുന്നിനു ക്ഷണിച്ചു. ക്ഷണിച്ചയുടനെ പ്രതിമയ്ക്കു ജീവനുണ്ടായി. അതു പീഠത്തിൽനിന്നു ചാടിയിറങ്ങി ഡോൺ ജുവനെ നരകത്തിലേക്കു വലിച്ചു കൊണ്ടുപോയി. ഇതാണ് ഡോൺ ജുവൻ മിഥ്.)

കാർപ്രീറയുടെ നോവലിൽ സെവിൽ പട്ടണം ക്യൂബയുടെ തലസ്ഥാനമായ ഹവനയാണ്. പ്രതിമ ഓവിഡത്രേ. സെവിൽ പട്ടണത്തിലെ നദിക്കു പകരം ഇവിടെ കടലുണ്ട്. ആത്മകഥാപരമായ ഈ നോവൽ കാസ്റ്റ്രോ അധികാരത്തിൽ വരുന്നതിനു മുൻപുള്ള ക്യൂബൻ ജീവിതത്തെ സ്ഥലീകരിച്ചു പ്രതിപാദിക്കുന്നു. ഈ പ്രതിപാദനത്തിൽ സുന്ദരികൾ കടന്നു വരുന്നു. അവരുടെ നേരിട്ടുള്ള—പ്രത്യക്ഷമായ—നഗ്നത കഥ പറയുന്ന ആളിന് ആസ്വാദ്യമാവുന്നു. ചിലപ്പോൾ സങ്കല്പത്തിലായിരിക്കും അതു നടക്കുക. അല്ലെങ്കിൽ ഒളിഞ്ഞുനോക്കി നഗ്നതയിൽ രസിക്കുന്നു. I was waiting on the balcony, bent over so as not to be seen by my prey, but not so huddled as to awaken suspecious in the next-door neighbours, who would usually come out on their balcony for fresh air. Suddenly the woman came out of the bedroom—totally naked. (P. 211) പിന്നീടുള്ള വർണ്ണന മുഴുവൻ ഈ നഗ്നതയുടെ ആസ്വാദനമാണ്. ഇത് അസഭ്യമല്ലേ, ആഭാസമല്ലേ എന്ന സംശയമുണ്ടാകാം. അല്ലെന്നാണ് കഥ പറയുന്ന ആളിന്റെ മതം. അസഭ്യമായത് ദൈവികമല്ല; സമ്മതിച്ചു. പക്ഷേ എല്ലാ അസഭ്യസംഭവവും മനുഷ്യത്വത്തോടു ബന്ധപ്പെട്ടതാണ്. ഗ്രീക്ക് ട്രാജഡിയെക്കാൾ കഥ പറയുന്ന ആളിന് ഇഷ്ടം മൈനർ ഷേക്സ്പീറിയൻ കോമഡിയാണ്. സന്മാർഗ്ഗവാദിയായ സ്വിഫ്റ്റല്ല, സ്റ്റേണാണ് (Sterne) അദ്ദേഹത്തിന് അഭിമതൻ. ജോർജ്ജ് എല്യാറ്റിന്റെ നാട്യം ആർക്കു വേണം? ഡിക്കൻസിന്റെ വൾഗാറിറ്റിയാണ് അദ്ദേഹത്തിനിഷ്ടം. ഫ്ളോയ്ബറിന്റെ "മദാം ബൂവറി" വേണ്ട; മോപസാങ്ങിന്റെ "ബെൽ ഏ മീ" മതി. (P. 262)

ഈ രതിവർണ്ണനകളെയാകെ പലതരം സാഹിത്യകൃതികളോടും സിനിമകളോടും ബന്ധപ്പെടുത്തുന്നു കാപ്രീറാ ഇൻഫാന്റേ. അങ്ങനെ മൂന്നു മാനങ്ങൾ സത്യത്തിനു ലഭിക്കുന്നു. സെക്സ് നല്കുന്ന സത്യത്തിന്റെ മാനം; സാഹിത്യകൃതികൾ നല്കുന്ന കലാസത്യത്തിന്റെ മാനം; ചലച്ചിത്രങ്ങൾ പ്രദാനം ചെയ്യുന്ന സത്യത്തിന്റെ മാനം. ഇവ മൂന്നും ഹവനപ്പട്ടണത്തിന്റെ സത്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെ നാലു ഡൈമൻഷൻസും അന്യോന്യാശ്ലേഷത്തിലമർന്ന് കലയുടെ സൗഭഗം പ്രതീയമാനമാകുന്നു. സെക്സിന്റെ അതിപ്രസരമുള്ള നോവലുകൾ—മൊറാവ്യയുടെ നോവലുകൾ—ഞാൻ ദൂരെ എറിയാറേയുള്ളു. അതല്ല ഈ കലാസൃഷ്ടിയോട് എനിക്കുള്ള മാനസികനില. ലാറ്റിനമേരിക്കൻ നോവലുകൾ യൂറോപ്യൻ നോവലുകളെ ബഹുദൂരം അതിശയിച്ചു കഴിഞ്ഞു. അതിനുള്ള ഒരു തെളിവാണ് ഇൻഫാന്റേയുടെ ഈ മാസ്റ്റർപീസ്.

നിണമൊലിപ്പിക്കൽ

പ്രശസ്തനായ ഗായകൻ വൈക്കം വാസുദേവൻ നായരെ എനിക്കു പരിയമുണ്ടായിരുന്നു. അദ്ദേഹത്തിന് എന്നെ പരിചയമുണ്ടായിരുന്നുവെന്നു പറയുന്നതിനെക്കാൾ സത്യം, മറിച്ചു പറയുന്നതാണ്. കാരണം അദ്ദേഹം അത്രയ്ക്കു പ്രസിദ്ധനായിരുന്നല്ലോ. തിരുവനന്തപുരത്ത് ആണ്ടിയിറക്കം എന്നൊരു സ്ഥലമുണ്ട്. അവിടെ ഒരു പെട്രോൾ വ്യാപാരിയുടെ വീട്ടിൽ വർഷംതോറും പാട്ടുകച്ചേരികൾ നടത്തും. നാല്പത്തഞ്ചോ അമ്പതോ വർഷംമുൻപ് അവിടെ നടന്ന വാസുദേവൻ നായരുടെ പാട്ടുകച്ചേരിക്കു ശ്രോതാവായി ഞാൻ നേരത്തെ ചെന്ന് ഇരിക്കുന്നുണ്ടായിരുന്നു. വലിയ തിക്കുംതിരക്കും, വാസുദേവൻ നായർ പാടാൻ തുടങ്ങി. പക്ഷേ എന്റെ മനസ്സ് പതറുകയായിരുന്നു. കാരണം വാസുദേവൻ നായർ എന്നെ കാണുന്നില്ലല്ലോ എന്നതുതന്നെ. ആളുകൾ തലയറയുന്നു. കൈയടിക്കുന്നു. ഉദാത്തമായ സംഗീതം. എന്നാൽ ഞാൻ മാത്രം അസ്വസ്ഥനായി "ഞാനിവിടെയിരിക്കുന്നതു താങ്കൾ കാണുന്നില്ലേ. മറ്റുള്ളവർ കാൺകെ ഒരു ചിരിയെങ്കിലും ചിരിക്കു എന്നെ നോക്കി" എന്നു മനസ്സിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഒരു സംഭവം, ഗാനം പെട്ടെന്നു നിന്നു. വൈക്കം വാസുദേവൻ നായർ എഴുന്നേറ്റ് ഒരാളെ നോക്കി തൊഴുതു. അദ്ദേഹത്തെ അകത്തേക്കു വിടാൻ വാതില്ക്കൽ കൂടിനിന്ന ആളുകളോട് അഭ്യർത്ഥിച്ചു. പാട്ടുകച്ചേരി കേൾക്കാൻ തള്ളി അകത്തേക്കു കയറിയത് ഗായകന്റെ സ്നേഹിതനായ ഒരു ഇൻസ്പെക്ടറായിരുന്നു. തിരക്കിനിടയിൽക്കൂടി കയറാനുള്ള ശ്രമത്തിൽ അദ്ദേഹത്തിന്റെ പുളിയിലക്കര നേരിയതിന്റെ രണ്ടറ്റവും വെളിയിലായിപ്പോയി. അതു കൂട്ടിച്ചേർത്ത് ആരോ പിടിച്ചു വലിക്കുന്നുണ്ടായിരിക്കണം. അതുകൊണ്ട് അദ്ദേഹത്തിന്റെ കഴുത്തു വലിഞ്ഞുമുറുകി. ശ്വാസംമുട്ടൽ മുഖത്തു കാണാറായി. മാത്രമല്ല തള്ളിക്കയറിയപ്പോൾ മുണ്ടും മുൻവശത്തു നിന്നു നീങ്ങിപ്പോയി. അങ്ങനെ ജനനകാലവേഷത്തിലേക്കു പകുതി നീങ്ങി 'ഒബ്ളീക്കാ'യി നിന്ന ഇൻസ്പെക്ടറെയാണ് വൈക്കം വാസുദേവൻ നായർ എഴുന്നേറ്റു തൊഴുതതും അദ്ദേഹത്തെ അകത്തേക്കു കടത്തിവിടാൻ അപേക്ഷിച്ചതും. ഇൻസ്പെക്ടർ മുൻവശത്തുവന്നിരുന്നു തലയാട്ടിത്തുടങ്ങിയപ്പോൾ പാട്ടുകച്ചേരി വീണ്ടും തുടങ്ങി.

വിശ്വസാഹിത്യത്തിലെ ചെറുകഥയുടെ മണ്ഡലം ഉദാത്തമായ മണ്ഡലമാണ്. അവിടെ സംഗീതം അലൗകികഭംഗി ആവഹിച്ചു ഒഴുകുമ്പോൾ അതിനു തടസ്സമുണ്ടാക്കാനായി 'യാത്ര' എന്നൊരു ഇൻസ്പെക്ടർ കണ്ണുതള്ളി, ചുണ്ടുകൾ പിളർന്ന്, മാംസപേശികൾ വക്രിപ്പിച്ച് കാലുകളുടെ മുക്കാൽഭാഗവും കാണിച്ച് വാതിൽക്കൽ നിന്നു പരാക്രമം കാണിക്കുന്നു. വൈക്കം വാസുദേവൻ നായർ മാന്യനായിരുന്നതുകൊണ്ട് പാട്ടുനിറുത്തി തൽക്കാലത്തേക്ക്. ചെറുകഥാ സാഹിത്യത്തിന് മാന്യതയില്ല, അമാന്യതയുമില്ല. അതു നിസ്സംഗമാണ്. അതിനാൽ ഈ ബീഭത്സത വാതിൽക്കൽത്തന്നെ നിന്ന് എന്നെപ്പോലുള്ള ശ്രോതാക്കളെ പേടിപ്പെടുത്തുന്നു.

വസന്തി എന്ന ഒരു തമിഴ് (?) എഴുത്തുകാരിയുടെ 'യാത്ര' എന്ന കഥയെയാണ് രത്നമെന്ന മട്ടിൽ എ. സഹദേവനെടുത്തു മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ മാർദ്ദവമാർന്ന താളുകളിൽ വയ്ക്കുന്നത്. കഥയുടെ കാഠിന്യംകൊണ്ട് കടലാസ്സ് കീറിപ്പോകാത്തതു ഭാഗ്യം. തൊണ്ണൂറ്റിയെട്ടു വയസ്സായ പാട്ടിയമ്മ ജീവിച്ചിരിക്കുന്നു. അവരുടെ ബന്ധുക്കളായ ചെറുപ്പക്കാർ ഒന്നിനൊന്നു മരിക്കുന്നു. മരണത്തിനു കിഴവിയുടെ ദീർഘതയേറിയ ജീവിതമാണു ഹേതുവെന്നു കരുതി മറ്റു ചെറുപ്പക്കാർ അവരെ ഹിംസിക്കാനെത്തുന്നു. ഈ ലോകത്തെ ഒരു സംഭവമെടുത്ത് തൂലികകൊണ്ടു പുനരാവിഷ്കരിച്ചു മറ്റൊരു ലോകമുണ്ടാക്കുമ്പോൾ ആദ്യത്തെ സംഭവംപോലെ രണ്ടാമത്തേതും വിശ്വാസജനകമായിരിക്കണം. അപ്പോഴാണ് സത്യത്തിന്റെ തോന്നലുണ്ടാകുന്നത്. ആ പ്രതീതി ജനിപ്പിക്കാൻ വാസന്തിക്കു കഴിവില്ല. മാത്രമല്ല കഥ അവാസ്തവികതയാൽ ഭയജനകവുമായിരിക്കുന്നു. കേരളത്തിലെ ചെറിയ എഴുത്തുകാർപോലും ഈ വാസന്തിയേക്കാൾ ആയിരം മടങ്ങു പ്രാഗല്ഭ്യമുള്ളവരാണ്. കാര്യമങ്ങനെയിരിക്കെ ഈ മറുനാടൻ വൈരൂപ്യം എന്തിനു മാതൃഭൂമിയിൽ കയറി നിണമൊലിപ്പിക്കുന്നു?

സാഹിത്യത്തിൽനിന്ന്



യൂഗോ

മനുഷ്യനും മൃഗവും പ്രകൃതിയിലെ ഓരോ വസ്തുവും ഉപരിതലത്തെ മാത്രമേ പ്രദർശിപ്പിക്കുന്നുള്ളു. ആന്തരതലം ഭയാജനകമാണ് എന്നത് യൂഗോക്ക് പ്രിയപ്പെട്ട ആശയമായിരുന്നു. കടലിനെ നോക്കിക്കൊണ്ട് ആ മഹാകവി പറയുന്നു:

> "നിശീഥിനിയുടെ അന്ധകാരത്തിൽ ജലത്തിന്റെ അടിത്തട്ടിലേക്കു താണുപോയ നാവികരെവിടെ? തിരമാലകളേ, ശോകാകുലങ്ങളായ എത്രയെത്ര കഥകൾ നിങ്ങൾക്കറിയാം. അമ്മമാർ പേടിച്ചു മുട്ടുകുത്തിയിരിക്കുമ്പോൾ തരംഗങ്ങളേ, വേലിയേറ്റത്തിൽ നിങ്ങൾ തമ്മിൽത്തമ്മിൽ കഥകൾ പറയുകയല്ലേ? അതുകൊണ്ടാണ് നിങ്ങളുടെ ശബ്ദം ഇത്ര നിരാശാജനകമായത്. സായാഹ്നത്തിൽ നിങ്ങൾ ഞങ്ങളുടെ അടുത്തേക്കു വരുമ്പോൾ ഉഗ്രനൈരാശ്യത്തിന്റെ ആ ശബ്ദം ഞങ്ങൾ കേൾക്കുന്നു."

ഇറ്റലിയിലെ കവി ജാകോമോ ലേയൊപാർഡിയുടെ (Leopardi) കവിത ലളിതവും മനോഹരവുമാണ്. കേട്ടാലും:

> Sylvia, do you still recall
> That time of your life here
> When beauty shone within
> Your laughing, gancing eyes
> And you thoughtful and merry passed across
> The threshold of your youth?

പ്രേമഭാജനത്തെ നഷ്ടപ്പെട്ടതിൽ നെറുതയ്ക്കുള്ള നൈരാശ്യം നമ്മുടേയും നൈരാശ്യമാകുന്നതു കാണുക:

> Because on nights like this I held her in my arms
> My Soul is unhappy at having lost her
> Though this be the last pain that she causes me
> and these the last words I shall write to her.

യോസിഫ് അറ്റില ഹംഗറിയിലെ മഹാകവിയാണ്. അദ്ദേഹം നവീനതമമായ രീതിയിൽ പ്രണയഭാജനത്തെ വിളിക്കുന്നു:

> Your are so foolish
> You race
> like the morning wind.
> A car may hit you,
> and here I've scrubbed my little table and now
> the soft light of my bread shines more purely.

മാന്യവായനക്കാർ ക്ഷമിക്കണം. ഇതൊക്കെ തർജ്ജമ ചെയ്തു വികലമാക്കാൻ എന്റെ മനസ്സ് സമ്മതിക്കുന്നില്ല.

ശിവൻ പാർവ്വതിയോട്:

> ശക്യമംഗുലിഭിരുദ്ധ്യതൈരധഃ
> ശാഖിനാം പതിത പുഷ്പപേശലൈഃ
> പത്രജർജ്ജര ശശിപ്രഭാലവൈ-
> രേഭിരുൽകചയിതും തവാളകാഃ

(ശാഖിനാം അധഃ = വൃക്ഷങ്ങളുടെ ചുവട്ടിൽ; പതിത പുഷ്പപേശലൈഃ ഏഭിഃ പത്രജർജ്ജര ശശിപ്രഭാലവൈഃ = അടർന്നുവീണ പുഷ്പങ്ങളെപ്പോലെ മനോഹരങ്ങളായി, ഇലച്ചാർത്തിലൂടെ കടന്നുവരിക നിമിത്തം ചിതറിവീണ ചന്ദ്രികാഖണ്ഡങ്ങളെ (നിലാവിന്റെ നുറുങ്ങുകളെ); അംഗുലിഭിഃ ഉദ്ധ്യതൈഃ = വിരൽകൊണ്ടെടുത്ത്; തവ അളകാഃ ഉൽകചയിതും ശക്യം = നിന്റെ കുറുനിരകളെ അണിയിക്കാൻ കഴിയും.) മരങ്ങൾക്കുതാഴെ, ഇലച്ചാർത്തിലൂടെ കടന്നുവന്ന നിലാവ് നുറുങ്ങുകളായി വീണു കിടക്കുന്നു. അവ പൂക്കൾപ്പോലെ മനോഹരങ്ങളാണ്. അവ പെറുക്കിയെടുത്ത് പാർവതിയുടെ അളകങ്ങളിൽ അണിയിക്കാമെന്നാണ് ശിവൻ പറയുന്നത്. ഭാരതീയ ഭാവനയുടെ പരകോടി.



ലോറൻസ് ഒലീവിയേർ

ഇരുപതാം ശതാബ്ദത്തിലെ ഏറ്റവും വലിയ അഭിനേതാവായി കരുതപ്പെടുന്ന ലോറൻസ് ഒലീവിയേറുടെ On Acting എന്ന പുസ്തകം സുന്ദരമെന്നോ ആകർഷകമെന്നോ പറഞ്ഞാൽ എന്റെ മനസ്സിലുള്ളത് പൂർണ്ണമായും വ്യക്തമാവുകയില്ല. അതുകൊണ്ട് 'ഫാസിനേറ്റിങ്' എന്ന പദം ഉപയോഗിച്ചുകൊള്ളട്ടെ അതിനെ വിശേഷിപ്പിക്കാൻ. അഭിനയത്തെക്കുറിച്ചു മാത്രമുള്ളതല്ല ഈ പുസ്തകം. ഇത് സാഹിത്യ നിരൂപണമാണ്, ആത്മകഥയാണ്, മറ്റു അപ്രമേയ പ്രഭാവന്മാരുടെ സ്വത്വത്തിന്റെ വിശദീകരണമാണ്. മഹാന്മാരായ എഴുത്തുകാർക്കു മാത്രം കഴിയുന്ന മട്ടിലാണ് ഈ ഇംഗ്ലീഷ് ആക്റ്റർ ഗ്രന്ഥമെഴുതിയിരിക്കുന്നത്. ഓരോ പുറത്തിലും ആശയരത്നത്തിന്റെ കാന്തി; ആവിഷ്കരണത്തിന്റെ മനോഹാരിത. ജീവിതം സമ്പന്നമാക്കുന്ന ഒരു ഗ്രന്ഥം എന്നു മാത്രം പറഞ്ഞു ഈ ഭാഗം അവസാനിപ്പിക്കട്ടെ. (On Acting, L. Oliver, Sceptre Books, Rs. 87 = 85)

തിന്മ—സ്വയമറിയാതെ

പൊതുവേ ആളുകൾ തിന്മയുള്ളവരല്ല. എങ്കിലും നിഷ്ഫലകമായി അവർ പ്രവർത്തിക്കുമ്പോൾ അതു തിന്മയായി മാറും. വി. പി. മുഹമ്മദാലി നന്മയാർന്ന ആളാണെന്നും ഞാൻ വിചാരിക്കുന്നു. കാരണം നന്മ ഒരാന്തര പ്രവണതയായിരിക്കുന്ന ആളിനേ സാഹിത്യത്തിൽ തൽപരനാകാൻ കഴിയൂ എന്നതാണ്. ഇമ്മട്ടിൽ നന്മയുള്ള മുഹമ്മദാലി ബഹുജനത്തെ രസിപ്പിക്കാൻ വേണ്ടി കുങ്കുമം വാരികയിൽ "ആമ്പൽപ്പൂവിന്റെ മണം" എന്ന പേരിൽ ഒരു കഥയെഴുതാൻ തീരുമാനിച്ചു. തീരുമാനത്തിനു രൂപം നല്കി. ഫലമോ ബീഭത്സ കഥാപ്രഭാഷണം നടത്തുന്നവൻ ധനികനായപ്പോൾ പല പെണ്ണുങ്ങളും അയാളെ ഭർത്താവായി കിട്ടാൻ ആഗ്രഹിച്ചു. ആ കൊതിയെല്ലാം വെറുതേയായി. ഒരു ചെത്തുകാരന്റെ മകളെ അയാൾ വിവാഹം കഴിച്ചു. മറ്റു പെൺപിള്ളേർക്കു മാത്രമല്ല വിവാഹദല്ലാളന്മാർക്കും നിരാശത.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.